## പതിനഞ്ചാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 5, വ്യാഴം

# കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ:**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ:**

(1) വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനും തലസ്ഥാന നഗരത്തിലെ ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അനിവാര്യമായ നിർദ്ദിഷ്ട വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. ജോയി പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാന സർക്കാറിന്റെ ഭാഗത്ത് നിന്ന് ആരോഗ്യ രംഗത്ത് മലപ്പുറം ജില്ല നേരിടുന്നതായി പറയപ്പെടുന്ന അവഗണനയിലേയ്ക്ക് ശ്രീ. നജീബ് കാന്തപുരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ:**

(1) ലിസ്റ്റ് 1 പ്രകാരം

(2) ലിസ്റ്റ് 2 പ്രകാരം (ചട്ടം 47 (2) അനുസരിച്ചുള്ളത്)

**4. റിപ്പോർട്ടുകളുടെ സമർപ്പണം:**

(1) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ചെയർപേഴ്സണായ ശ്രീ. പി. പി. ചിത്തരഞ്ജൻ കമ്മിറ്റിയുടെ ഒൻപത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(2) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ കമ്മിറ്റിയുടെ ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

**5. റിപ്പോർട്ട് പരിഗണന:**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ടിന്റെ പരിഗണന.

**6.** **<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന</u>:**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ–തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഒരു പ്രസ്താവന നടത്തുന്നതാണ്.

**7.** **<u>ധനകാര്യം</u>:**

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഫെബ്രുവരി 4.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**
**Sixteenth Session**

*Thursday, February 5, 2026*

**LIST OF BUSINESS**

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. V. Joy to call the attention of the Minister for Public Works and Tourism to the necessity to expedite the initial works related to the construction of the proposed Vizhinjam-Navaikulam Outer Ring Road, which is essential for the ancillary development of the Vizhinjam Port and the expansion of Capital city's road transport.

(2) Shri. Najeeb Kanthapuram to call the attention of the Minister for Health, Woman and Child Development to the negligence reported to have shown by the State Government to Malappuram district in the health sector.

**III. Papers to be Laid:**

(1) As per List - 1
(2) As per List - 2 (Under Rule 47 (2))

**IV. Presentation of Reports:**

(1) Shri. P. P. Chitharanjan, Chairperson, Committee on Welfare of Fishermen and Allied Workers to present the Ninth to Sixteenth Reports of the Committee.

(2) Shri K. P. Kunhammed Kutti Master, Chairperson, Committee on Welfare of Senior Citizens to present the Ninth to Twelfth Reports of the Committee.

**V. Consideration of Report:**

Consideration of the Fourth Report of the Committee of Privileges and Ethics.

**VI. <u>Statement Under Rule 300</u>:**

Shri. V. Sivankutty, Minister for General Education and Labour to make a statement under Rule 300 regarding the appointment of Differently Abled Persons in Aided Schools in the State.

**VII. <u>Financial Business</u>:**

Discussion and Voting on the Final Supplementary Demands for Grants in the Budget for the Financial Year 2025-2026.

Secretariat of the Kerala Legislature,
Thiruvananthapuram,
February 4, 2026.

DR. N. Krishna Kumar,
Secretary.